**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5887** — **08-11-2021 - ൽ മറുപടിയ്ക്ക്**

**കെയർ കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എ. രാജ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയബാധിതർക്ക് ദുരിതാശ്വാസവും പുനരധിവാസവും നൽകുന്നതിനായി ആരംഭിച്ച കെയർ കേരള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | 2018 - ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് കെയർ കേരള എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടക പദ്ധതികളാണ് കെയർ കേരള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ഉപപദ്ധതിയാണ് പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘ ങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതി. ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീട് നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നത്. എങ്കിലും 2021 ഒക്ടോബർ 11 വരെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം((RKLS) എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ  കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ കെയർലോൺ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ |

| | | | |
|---|---|---|---|
| | | | സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കെയർ ഗ്രേസ്. പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി മേൽ നടപടികൾ നിർദ്ദേശിക്കുന്നതിന് വിവിധ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കീഴിലുള്ള ഉപ പദ്ധതികളായ കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2018 - ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് കെയർ കേരള എന്ന പേരിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടക പദ്ധതികളാണ് കെയർ കേരള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ഉപപദ്ധതിയാണ് പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘ ങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതി. ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീട് നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നത്. എങ്കിലും 2021 ഒക്ടോബർ 11 വരെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം((RKLS) എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ  കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ  കെയർലോൺ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കെയർ ഗ്രേസ്. പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി മേൽ നടപടികൾ നിർദ്ദേശിക്കുന്നതിന് വിവിധ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സമീപ കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും പ്രളയക്കെടുതിയുടെയും പശ്ചാത്തലത്തിൽ ദുരിതബാധിതരെ കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സമീപ കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും പ്രളയക്കെടുതിയുടെയും പശ്ചാത്തലത്തിൽ ദുരിതബാധിതരെ കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ